കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ ആയുർവേദാശുപത്രി ആരംഭിക്കുന്നതിന് നടപടി

156 (160) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മുൻസിപ്പാലിറ്റിയിൽ ഒരു ആയുർവേദാശുപത്രി ആരംഭിക്കേണ്ടത് അത്യാവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവിടെ ഒരു ആയുർവേദ ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പുസാമ്പത്തികവർഷം പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന ആയുർവേദ ഡിസ്പെൻസറികൾ എവിടെയൊക്കെ ആയിരിക്കണമെന്ന കാര്യത്തിൽ തീരുമാനം ആയിട്ടില്ല.

കോട്ടയ്ക്കൽ ആയുർവേദ കോളേജിലേയും ആശുപത്രിയിലേയും നിയമനം

157 (161) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആയുർവേദ കോളേജിലെയും ആശുപത്രിയിലെയും നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇവിടത്തെ നിയമനങ്ങളെല്ലാം പി.എസ്.സിക്ക് വിട്ടുകൊണ്ട് 1995-ൽ ഉത്തരവിട്ടതിനുശേഷവും കരാർ/ദിവസക്കൂലി/താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് നിരുത്സാഹപ്പെടുത്തുമോ ;

(ഡി) പെൻഷൻ പറ്റിയതിന് ശേഷവും പുനർനിയമനം നേടി സർവ്വീസിൽ തുടരുന്നവരായി പ്രസ്തുത ആയുർവേദ കോളേജിൽ ആരെങ്കിലുമുണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ എത്രപേർ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി അടിസ്ഥാനരഹിതമാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly